"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചൻകോവിൽ ഡിവിഷനിലെ സീനിയർ സൂപ്രണ്ട് ശ്രീ.എസ്.സുരേഷ് കുമാർ - ന്റെ ഭാര്യയുടെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.349/2023/F&WLD** **തീയതി,തിരുവനന്തപുരം, 19-09-2023**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.11.2022, 24.08.2023 - തീയതികളിലെ KFDHQ/5625/2022-ADMIN/H2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വനം വകുപ്പിൽ, അച്ചൻകോവിൽ ഡിവിഷനിലെ സീനിയർ സൂപ്രണ്ട് ശ്രീ.എസ്.സുരേഷ് കുമാർ കൊല്ലം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ആയി ജോലി നോക്കി വരവെ ടിയാന്റെ ഭാര്യയുടെ ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നല്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ശുപാർശ സഹിതം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. അച്ചൻകോവിൽ ഡിവിഷനിലെ സീനിയർ സൂപ്രണ്ട് ശ്രീ.എസ്.സുരേഷ് കുമാറിന്റെ ഭാര്യയുടെ നെഫ്രോളജി ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ 12.04.2021 - 17.04.2021 കാലയളവിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്നു അറിയിച്ചിരിയ്ക്കുന്ന തുകയായ 36,190/- രൂപയുടെ 80% ആയ **28,952/- രൂപ** (ഇരുപത്തിയെട്ടായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ടു രൂപ മാത്രം) പ്രതിപൂരണം ചെയ്തു നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം (അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

ശ്രീ.എസ്.സുരേഷ് കുമാർ, സീനിയർ സൂപ്രണ്ട്, അച്ചൻകോവിൽ ഡിവിഷൻ

(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം.

ധനകാര്യ (ലോൺസ്)വകുപ്പ്(2412178/എൽ1/157/2023/ധന  തീയതി 15/05/2023).

വെബ് ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 20-09-2023 12:34:48

സെക്ഷൻ ഓഫീസർ